# കൊല്ലത്ത് നീര സംസ്കരണപ്ലാന്റ് ജൂലൈയിൽ പ്രവർത്തനമാരംഭിക്കും

കൊല്ലം: ജില്ലയിലെ കൈപ്പുഴ നാളികേര ഉത്പ്പാദക കമ്പനി ജൂലൈ 15 മുതൽ നീരയുടെ ഉത്പ്പാദനം ആരംഭിക്കും. ഒരു കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന 14000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള നീര സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം മൈനാഗപ്പള്ളിക്കടുത്ത് കടപ്പാവാർഡിൽ ഏപ്രിൽ 15ന് ആരംഭിക്കും. പ്ലാന്റിന്റെ നിർമ്മാണത്തിനായി 25 ലക്ഷം രൂപയുടെ സഹായവാഗ്ദാനം ലഭിച്ചതായി കമ്പനി ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ വ്യക്തമാക്കി. നീര അനുബന്ധ മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണവും ഇവിടെ നടക്കും.

ടാപ്പു ചെയ്യാനുള്ള തെങ്ങുകളുടെ വിവരങ്ങൾ ശേഖരിച്ച് എക്സൈസ് അധികൃതർക്ക് കൈമാറിക്കഴിഞ്ഞു. ജില്ലയിൽ രൂപീകൃതമായ എല്ലാ നാളികേര ഉത്പാദക ഫെഡറേഷനുകളും നീര ഉത്പാദിപ്പിക്കാനുള്ള ലൈസൻസിന് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞു. കമ്പനിതലത്തിൽ സംസ്കരണം തുടങ്ങുന്നതോടുകൂടി ദിനംപ്രതി 15,000 ലിറ്ററിലേറെ നീര സംസ്കരണം നടത്താൻ ലക്ഷ്യംവെക്കുന്നതായി കമ്പനി അധികൃതർ അറിയിച്ചു. ഉത്പ്പാദനം ആരംഭിച്ചാലുടൻ സംസ്കരണവും വിപണനവും ഉണ്ടാവും.